# പതിനാലാം കേരള നിയമസഭ
# (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:394** **14.11.2019-ൽ മറുപടിയ്ക്ക്**

## മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഫ്ലാറ്റ് നിർമ്മിച്ചുനൽകുന്ന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മോൻസ് ജോസഫ്<br>,, റോഷി അഗസ്റ്റിൻ<br>,, പി.ജെ.ജോസഫ്<br>ഡോ.എൻ. ജയരാജ് | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) മീൻപിടിത്ത ഗ്രാമങ്ങളിലെ മത്സ്യ ത്തൊഴിലാളി കുടുംബങ്ങൾക്ക് ഫ്ലാറ്റ് നിർമ്മിച്ച് നൽകുന്ന പദ്ധതി ഏതുഘട്ടം വരെയായി എന്നറിയിക്കുമോ; | എ) ഭൂരഹിത ഭവന രഹിത പദ്ധതിയിലുൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ വലിയതുറയിൽ 8 വ്യക്തിഗത ഫ്ളാറ്റുകൾ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.<br>കടലാക്രമണത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ 192 ഫ്ളാറ്റുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ പുനരധി വാസത്തിനായി 772 ഫ്ളാറ്റുകൾ നിർമ്മിക്കുന്ന തിനായി (2018-19)ൽ 78.20 കോടി രൂപയുടെ പദ്ധതി യ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.തിരുവനന്തപുരം ജില്ലയിലെ കാരോട്, ബീമാപള്ളി, വലിയതുറ, കൊല്ലം ജില്ലയിലെ ക്യൂ.എസ്.എസ്.കോളനി, ആലപ്പുഴ ജില്ലയിലെ മണ്ണുംപുറം, മലപ്പുറം ജില്ലയിലെ പൊന്നാനി, കണ്ണൂർ ജില്ലയിലെ ആയിക്കര ഉപ്പാലവളപ്പിൽ എന്നിവിടങ്ങളിലാണ് ടി ഫ്ലാറ്റുകൾ നിർമ്മിച്ചു വരുന്നത്. |
| ബി) പ്രസ്തുത പദ്ധതിയിൽ ഇതുവരെ ഉൾപ്പെടാത്ത എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ; | ബി) തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ ആകെ 18685 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ അധിവസിക്കുന്നതായി കണ്ടെത്തി യിട്ടുണ്ട്. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നതും കടലാക്രമണ ഭീഷണി |

നേരിടുന്നവരുമായ മത്സ്യത്തൊഴിലാളികളെയാണ് ഗുണഭോക്താക്കളായി പുനരധിവാസ പദ്ധതി യിലേക്ക് പരിഗണിക്കുന്നത്.

| | |
|---|---|
| സി) സംസ്ഥാനത്തെ തീരദേശമേഖലയിലെ മുഴുവൻ മത്സ്യത്തൊഴിലാളി കുടുംബങ്ങ ളെയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി വാസഗൃഹം നിർമ്മിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ? | സി) ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്പ്മെന്റിന്റെ (എൻ.ഐ.ആർ.ഡി) 2010 ലെ പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് ആകെ 29,209 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവന രഹിതരെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 16359 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവന രഹിതരും 12850 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭൂരഹിത ഭവന രഹിതരുമായിരുന്നു. 2010-11 മുതൽ 2015-16 വരെയുള്ള കാലയളവിൽ ഫിഷറീസ് വകുപ്പ് വിവിധ പദ്ധതികളിലായി ധനസഹായം നൽകി 18409 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |

നിലവിൽ ഭൂമിയുള്ള ഭവനരഹിതരായ അർഹതപ്പെട്ട എല്ലാവർക്കും ലൈഫിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണ ധനസഹായം നൽകുന്നുണ്ട്. 2018-19 വർഷത്തിൽ 1220 മത്സ്യത്തൊഴിലാളി കുടുംബ ങ്ങളെ ധനസഹായത്തിനായി പരിഗണിച്ചിട്ടുണ്ട്. കൂടാതെ ഭവന നിർമ്മാണത്തിന് അപേക്ഷിച്ച അർഹതാ ലിസ്റ്റിൽ ഉൾപ്പെട്ട മത്സ്യത്തൊഴിലാളി കളിൽ അവശേഷിക്കുന്ന 3320 പേരുടെ ലിസ്റ്റും, ഭൂരഹിത ഭവനരഹിതരായ 5842 പേരുടെ ലിസ്റ്റും ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്.

2016-17, 2017-18 എന്നീ വർഷങ്ങളിലായി നടപ്പാക്കുന്ന പുനരധിവാസ പദ്ധതിയിലുൾ പ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് സ്ഥലവും വീടും നൽകുന്ന പദ്ധതികൾ പ്രകാരം ആകെ 1798 പേർക്കാണ് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം നൽകുന്നതിന് ലക്ഷ്യമിട്ടിരുന്നത്. ഇതിൽ 1261 പേർ സ്ഥലം രജിസ്റ്റർ ചെയ്ത് ഭവന നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഫ്ളാറ്റ് നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന നടപടികൾ സ്വീകരിക്കുന്ന തായിരിക്കും. കടലാക്രമണത്തിൽ സ്ഥലവും വീടും

നഷ്ടപ്പെട്ടവരും നിരന്തരം കടലാക്രമണ ഭീഷണി നേരിടുന്ന വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്ററിനു ള്ളിൽ താമസിക്കുന്നവരുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങളെയാണ് പദ്ധതിയിലേക്ക് പരിഗണി ക്കുന്നത്. കടലാക്രമണ ഭീഷണിയിൽ കഴിയു ന്നതും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പി ക്കുന്നതിനായി 2450 കോടി രൂപയുടെ പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 1398 കോടി രൂപയും ബാക്കി 1052 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തി നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. 18685 കുടുംബങ്ങളെ 2019-20 മുതൽ 2021-22 വരെയുള്ള 3 വർഷങ്ങളിലായി പുനരധിവസിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

**സെക്ഷൻ ആഫീസർ**